## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത 2324-ാം നമ്പർ ചോദ്യം 18.12.2012 -ലെ മറുപടിക്ക്**

**ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) സർക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങൾ പണമായി നൽകുന്നതിനു പകരം അവ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുവഴി നൽകുന്ന രീതിയാണ് ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ. സാമ്പത്തിക സഹായം കാലതാമസമില്ലാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, അനർഹരായവർ പണം കൈക്കലാക്കുന്നത് തടയുക എന്നിവയാണ് ഈ രീതിയിലൂടെ ലക്ഷ്യമാക്കുന്നത്. |
| (ബി) സർക്കാർ ക്ഷേമ പദ്ധതിയുടെ ആനുകൂല്യങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ഗുണഭോക്താക്കൾക്ക് എത്തിയ്ക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; | ബി) ക്ഷേമപെൻഷനുകളും മറ്റു പെൻഷനുകളും സ്കോളർഷിപ്പുകളും ആധാർകാർഡുമായി ബന്ധിപ്പിച്ച് അടുത്ത ഏപ്രിൽ ഒന്നുമുതൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലൂടെ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ചു വരുന്നു. സർക്കാർ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിന് എല്ലാ സർക്കാർ വകുപ്പുകൾക്കും ഉപയോഗിക്കാവുന്ന ഒരു സോഫ്റ്റുവെയർ NIC വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ പൈലറ്റ് ടെസ്റ്റിംഗ് കൃഷി വകുപ്പിൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതിയ്ക്ക് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | സി) ഈ പദ്ധതിയ്ക്കായി പ്രത്യേകമായ കേന്ദ്രസഹായം ലഭിച്ചിട്ടില്ല. |

| | |
|---|---|
| ഡി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | ഡി)13.6.2012-ലെ സ.ഉ (എം.എസ്) നം.149/പൊ.ഭ.വ പ്രകാരം ക്ഷേമപെൻഷനുകളും മറ്റു പെൻഷനുകളും സ്കോളർഷിപ്പുകളും ആധാർകാർഡുമായി ബന്ധിപ്പിച്ച് 1.4.2013 മുതൽ ബാങ്കിലൂടെ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. |
| ഇ)ഓൺലൈൻ പേമെന്റ് നടത്തുമ്പോൾ കമ്മീഷനും സർവ്വീസ് ചാർജ്ജും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) കമ്മീഷനും സർവ്വീസ് ചാർജ്ജും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല. |

ഡെപ്യൂട്ടി സെക്രട്ടറി